ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ വെസ്റ്റ്ഹിൽ, കോഴിക്കോട് ഫെറോക്ക്, വടകര, ചാലപ്പുറം, ചേവായൂർ എന്നീ ആറ് സബ്-രജിസ്ട്രാർ ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്.

(ബി) വടകര താലൂക്കിൽ വടകര സബ് രജിസ്ട്രാർ ആഫീസ് മാത്രമേ കമ്പ്യൂട്ടർവൽക്കരിച്ചിട്ടുള്ളൂ. രണ്ട് വർഷത്തിനുള്ളിൽ എല്ലാ സബ്രജിസ്ട്രാർ ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കാനാണ് ഉദ്ദേശിക്കുന്നത്.

കമ്പ്യൂട്ടർവൽക്കരിച്ച രജിസ്ട്രാർ ഓഫീസുകൾ

129 (2261) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആകെ എത്ര രജിസ്ട്രാർ ഓഫീസുകളും സബ് രജിസ്ട്രാർ ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) കമ്പ്യൂട്ടർവൽക്കരിച്ച ഈ ഓഫീസുകളുടെ കാര്യക്ഷമതയിൽ വന്ന മാറ്റം ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഇതു സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) 114 സബ് രജിസ്ട്രാർ ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. രജിസ്ട്രാർ ഓഫീസുകളൊന്നും തന്നെ കമ്പ്യൂട്ടർവൽക്കരിച്ചിട്ടില്ല.

(ബി&സി) ഉണ്ട്. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷ നൽകുന്നവർക്ക് കാലതാമസം കൂടാതെ അവ നൽകുവാൻ കഴിയുന്നുണ്ട്.

സഡക് യോജന പദ്ധതി പ്രകാരം ഏറ്റെടുത്ത പദ്ധതികൾ

130 (2262) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രധാനമന്ത്രിയുടെ സഡക് യോജന പദ്ധതിയിൽ ആദ്യവർഷം ഏറ്റെടുത്ത പദ്ധതികളുടെ വിശദമായ വിവരവും അതിന്റെ പ്രവർത്തന പുരോഗതിയും അതിലേക്കായി നീക്കിവച്ച തുകയും സംബന്ധിച്ച വിശദമായ ഒരു സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ രണ്ടാം വർഷം കണ്ണൂർ ജില്ലയിലെ ഏതെല്ലാം ബ്ലോക്കിൽ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly